വാല്യം 1 ലക്കം 2 കന്നി/തുലാം 1171

# താളിയോല



"കറുത്ത പെണ്ണേ... കരിങ്കുഴലീ....
നിനക്കൊരുത്തൻ കിഴക്കുദിച്ചൂ....."

സിക്കന്തർ

**എല്ലാവർക്കും താളിയോലയുടെ ക്രിസ്മസ് ആശംസകൾ**

താളുകളിലൂടെ....................


മുഖവുര..............................2
യാത്ര..................................3
ഒരു വാക്ക്.............................4
പാചകം ..............................4
മരണവുമായി മുഖാമുഖം.......5
സാഹിത്യമില്ലാത്ത വാരഫലം..........6
മുഖാമുഖം..................................9
പഞ്ചായത്തീരാജ്.........................12
സൗഹൃദം..................................13
നാട്ടുവിശേഷങ്ങൾ.....................14


**ഈ ലക്കം സ്പോൺസർ ചെയ്ത ശ്രീ.ജോർജ്ജ് തോമസിന് നന്ദി!!**

# മുഖവുര

ഈ കുറിപ്പെഴുതുമ്പോൾ അല്പം ക്ഷമാപണത്തിന്റെ സ്വരം കലർന്നു പോകുന്നു. തയ്യാറായിക്കഴിഞ്ഞ വിഭവങ്ങൾ വിളമ്പുകാരനെ കാത്തിരിക്കേണ്ടിവരിക എന്ന അസുഖകരമായസ്ഥിതിവിശേഷത്തെക്കുറിച്ചാണ് പറയുന്നത്. ഒഴികഴിവുകൾ പറയാമെങ്കിലും ന്യായീകരണമാവുമെന്ന് തോന്നുന്നില്ല.

ഓക്കിനാവയിലെ അമേരിക്കൻ സേനയുടെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള വിവാദം ജപ്പാന്റെ അന്താരാഷ്ട്രബന്ധത്തെക്കാളുപരി, ദേശീയതയുടെ പ്രത്യേകതകളിലേക്ക് വിരൽ ചൂണ്ടുന്നതായി തോന്നുന്നു. ഈയിടെ, ഓക്കിനാവൻ ഗവർണർ നടത്തിയ ഒരഭിമുഖത്തിൽ, തങ്ങൾ വഹിക്കുന്ന അന്യായമായ സൈനിക ബാദ്ധ്യതകളെപ്പറ്റി പറഞ്ഞപ്പോൾ വിവേചനം എന്ന വാക്കു പ്രയോഗിച്ചത് പലരുടേയും നെറ്റി ചുളിയുന്നതിനിടയാക്കി. അനേകം ദേശീയതകളുടേയും ഉപദേശീയതകളുടേയും നാടായ ഇന്ത്യയിലെ ജനങ്ങൾക്ക് ഇതിൽ വലിയ അത്ഭുതമൊന്നും തോന്നാനിടയില്ലെങ്കിലും, വിവിധ ദേശീയതകളുടെ സാന്നിദ്ധ്യം ഒരപാകതയായി വീക്ഷിച്ചു വരുന്ന ജപ്പാനിൽ ഇതൊരു വലിയ സംഭവം തന്നെയാണ്. ഈ പശ്ചാത്തലത്തിൽ ഈ രണ്ടു രാജ്യങ്ങളുടേയും താരതമ്യം കൗതുകകരമായിരിക്കുമെന്നു തോന്നുന്നു.

ജപ്പാന്റെ ചരിത്രം പരിശോധിച്ചാൽ പ്രധാനമായും ശ്രദ്ധയിൽപ്പെടുന്നത് വിവിധ സംസ്കാരങ്ങൾ ഒരു മുഖ്യധാരയിൽ ലയിച്ച് ഇല്ലാതാവുന്ന പ്രതിഭാസമാണ്. ഇത് പലപ്പോഴും ബലപ്രയോഗംകൊണ്ട് സാധിച്ചെടുക്കുന്നതായും കാണാം. അങ്ങനെ, ഓക്കിനാവൻ ഭാഷപോലെ വാമൊഴിയിലും വരമൊഴിയിലും തികച്ചും വ്യത്യസ്തമായ ഒരു ഭാഷ അടുത്ത ഇരുപതു വർഷത്തിനുള്ളിൽ ഭൂമുഖത്തു നിന്ന് തുടച്ചുമാറ്റപ്പെടാൻ പോകയാണ്. അതുപോലെതന്നെ, സമീപകാലംവരെ തികച്ചും ചലനാത്മകമായിരുന്ന 'അയ്നു' സംസ്കാരം ഏതാണ്ട് അന്യം നിന്നു കഴിഞ്ഞിരിക്കുന്നു. എന്നാൽ ഇന്ത്യയിലാകട്ടെ, പുതിയ പുതിയ സംസ്കാരങ്ങൾ ഉരുത്തിരിഞ്ഞു വരുന്നതും പൂർണ്ണ വളർച്ച പ്രാപിക്കുന്നതും കാണാം. വെറും 15-ാം നൂറ്റാണ്ടിൽ രൂപംകൊണ്ട മലയാള ഭാഷയും സംസ്കാരവും ഇന്ന് ലോക സാഹിത്യത്തിലും മറ്റും ശ്രദ്ധ പിടിച്ചുപറ്റുന്ന ഒന്നായി തീർന്നിരിക്കുന്നു. ഇന്ത്യയെ സംസ്കാരത്തിന്റെ ഈറ്റില്ലം എന്നു വിളിക്കുന്നതിന്റെ പൊരുൾ ഇതിൽനിന്നും വ്യക്തമാവുന്നു.

കേരള സംസ്കാരത്തിന്റെ വളർച്ചയുടെ സാഹചര്യങ്ങളിൽ ഏറ്റവും പ്രധാനമായി പറയപ്പെടുന്നത് ഭൂപ്രകൃതിയുടെ പ്രത്യേകതകളും വിദേശ സംസർഗവുമാണ്. അറബികളും പേർഷ്യക്കാരും, ഗ്രീക്ക്, പോർച്ചുഗീസ് തുടങ്ങിയ യൂറോപ്പുകാരും കേരളത്തിലെത്തിയത് നമ്മുടെ സംസ്കാരത്തിന്റെ ഏറ്റവും വലിയ ഒരു മാറ്റത്തിന്റെ തുടക്കമായിരുന്നു. പിന്നീടത് പുരോഗമനപരമായ രാജഭരണങ്ങൾക്കും, സ്ഥിതിസമത്വത്തിന്റെ രാഷ്ട്രീയാശയങ്ങൾക്കും വഴിയൊരുക്കിയപ്പോൾ, കേരളം ഇന്ത്യക്കാകെ, പുരോഗമനത്തിന്റെ ഒരു മാതൃകയായിത്തീരുകയായിരുന്നു. ഒടുവിൽ ഈ സാമൂഹ്യ പുരോഗതിയുടെ തന്നെ കൂടപ്പിറപ്പായ കൺസ്യൂമറിസത്തിന്റെ കാര്യത്തിലും ഇന്ത്യയുടെ മുൻപന്തിയിൽ തന്നെ കേരളം എത്തി നിൽക്കുന്നു. ഇങ്ങനെ കേരളത്തിൽ, ചുരുങ്ങിയ കാലഘട്ടംകൊണ്ട് ഒരു സംസ്കാരം രൂപം കൊണ്ടതിന്റെ ചിത്രം കാണാം. ഈ പശ്ചാത്തലത്തിൽ, കേരളത്തനിമ കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പരക്കെയുള്ള അഭിപ്രായത്തെപ്പറ്റി ആലോചിച്ചു പോകുന്നു.

എന്താണീ 'കേരളത്തനിമ'? മാവേലി നാടിന്റെ ഉട്ടോപ്പിയയോ, 19-ാം നൂറ്റാണ്ടിലെ കോസ്മോപോളിറ്റൻ സംസ്കാരമോ? അതോ '50 കളിലെ പുരോഗമനയുഗമോ, '70 കളിലെ തീവ്ര സ്വപ്നങ്ങളുടെ കാലമോ? അതുമല്ല, ഇന്നത്തെ കൺസ്യൂമറൈസ്ഡ് സമൂഹമോ? പരിണാമത്തിന്റെ ഏതു ഘട്ടത്തെയാണ് അത് പ്രതിനിധാനം ചെയ്യുന്നത്? ഇത്രയുമാവുമ്പോൾ, ഒരു സംസ്കാരത്തെ സ്ഥിരമായി കാത്തു സൂക്ഷിക്കുക എന്നതിൽ തന്നെ വൈരുദ്ധ്യം തോന്നിപ്പോകുന്നു.

ഇവിടെ, ഒരു സുഹൃത്തു പറഞ്ഞത് ഓർത്തു പോകുന്നു. കൈലിയും എടുത്തുകുത്തി, രാഷ്ട്രീയവും പറഞ്ഞുകൊണ്ട്, ഇരുപത്തെട്ടിനോ അമ്പത്താറിനോ കശക്കിയിടുന്നത് മലയാളത്തനിമയാണെങ്കിൽ അതിന്റെ രസം ഒന്നു വേറെ തന്നെ.

- ശങ്കരനാരായണൻ.

# യാത്ര

പ്രഭാകരൻ, അത്സുഗി

എന്റെ മാകിൻറോഷ് കമ്പ്യൂട്ടറിലെ പുതിയ ആഫ്ടർ ഡാർക്ക് ഫയൽ നോക്കി ഞാനങ്ങനെ ഇരുന്നു. നിമിഷങ്ങൾ ഓരോന്നായി ഉരുകി വീഴുകയാണ്. അക്കങ്ങൾ ഒന്നുരുകി മറ്റൊന്നിനു ജന്മം നൽകിക്കൊണ്ടിരുന്നു.

ഇന്ന് തീർച്ചയായും എന്തെങ്കിലും എഴുതണം, എഴുതിയേതീരൂ എന്നുറച്ചു.

മനസ്സ് കുഞ്ഞുന്നാളിലെ ഓർമ്മകളിലൂടെ പാഞ്ഞു നടന്നു. ആർക്കെല്ലാം എന്തെല്ലാം കൊടുക്കാമെന്നേറ്റിരുന്നു.... നാലുകെട്ടിന്റെ കഥ പറയുന്ന ചുവരുകളും സ്വപ്നങ്ങൾ ഗർഭം ധരിച്ച മുറികളും. അവിടെ പിച്ച വെച്ചു നടന്നപ്പോൾ വികലമായ ഭാഷയിൽ പാടിയ പാട്ടുകൾ, എവിടെയോ കണ്ണിയറ്റുനിന്ന ചിന്താശകലങ്ങൾ. പലതും നേടിയെന്നു കരുതിയെങ്കിലും മനസ്സിലാകെ എങ്ങും തട്ടാതെ തങ്ങിനിൽക്കുന്ന ശൂന്യത... എവിടെയാണ് പിശകിയത്?

പുറത്ത് അല്പം മഴച്ചാറൽ ഉണ്ടായിരുന്നു. നേരം ഇരുട്ടിത്തുടങ്ങിയിരുന്നു. അതുവകവെക്കാതെ ഞാൻ നടന്നു. പലരേയും കണ്ടുമുട്ടി. കുശലം പറഞ്ഞു. എനിക്ക് ഇത്രയും ദീർഘവും മനോഹരവുമായ പേരിട്ട വല്യച്ഛൻ. അവസാനമായി കണ്ടപ്പോൾ വല്യച്ഛൻ എന്നോട് ചോദിച്ചു.

"നീ വലുതായാൽ എനിക്കെന്താണെടാ തരിക?" എന്തു പറയണമെന്നറിയാതെ ഞാൻ അമ്മയുടെ മുണ്ടിന്റെ അറ്റത്ത് തൂങ്ങിക്കൊണ്ടുനിന്നു. ഒരു ഉത്തരത്തിനുവേണ്ടി പ്രതീക്ഷയോടെ ഞാൻ അമ്മയുടെ മുഖത്തേക്ക് നോക്കിനിന്നു. പിന്നെ മടിച്ചില്ല, വായിൽ തോന്നിയ ഉത്തരം തൊടുത്തുവിട്ടു.

"വല്യച്ഛന് ഞാൻ സ്വർണ്ണം കൊണ്ടൊരു വീടുവെച്ചുതരും"

വല്യച്ഛൻ പൊട്ടിച്ചിരിച്ചു. കൂടെ അമ്മയും; അല്പം കഴിഞ്ഞപ്പോൾ ഞാനും. എന്തിനാണ് ചിരിച്ചതെന്ന് അന്നെനിക്ക് മനസ്സിലായില്ല.

പിന്നീട് കണ്ടുമുട്ടിയത് എന്റെ നാവിൻ തുമ്പിൽ സ്വർണ്ണമോതിരം കൊണ്ട് ഹരിശ്രീ ഗണപതയേ നമഃ എന്നെഴുതിവെച്ച എമ്പ്രാന്തിരിയെയായിരുന്നു. അദ്ദേഹം ചോദിച്ചു.

"പഠിച്ചു വലിയാളായാൽ ഈ എമ്പ്രാന്തിരിക്ക് എന്ത് തരും"?

എന്തു പറയണമെന്ന് ഓർത്തപ്പോഴാണ് ശ്രദ്ധിച്ചത്; അദ്ദേഹം ഒരു ഒറ്റമുണ്ട് മാത്രമാണല്ലോ ഉടുത്തിരിക്കുന്നത്.

"ഞാൻ സ്വർണ്ണ നൂലുകൊണ്ട് ഒരു മുണ്ടുണ്ടാക്കിത്തരും".

അതുകേട്ട് അദ്ദേഹം കുലുങ്ങിക്കുലുങ്ങി ച്ചിരിച്ചു. കൂടെ അർത്ഥമറിയാതെ ഞാനും. ഇരുട്ട് കൂടുതൽ ശക്തി പ്രാപിച്ചു. കൂടെ മഴയും. ധരിച്ചിരുന്ന വസ്ത്രങ്ങളെല്ലാം നനഞ്ഞു. എന്നാലും പലരേയും കാണാനുള്ളതു കാരണം വേഗത്തിൽ നടന്നു. പിന്നീട് കണ്ടുമുട്ടിയത് എന്റെ ചേച്ചിയെ ആയിരുന്നു. അതെ, എന്റെ ശോഭേച്ചിയെ. ശോഭേച്ചി ഉറക്കെ വിളിച്ചു. "പ്രഭാകരാ നീ എനിക്ക് എന്താണ് കൊണ്ടുവന്നിട്ടുള്ളത്"

"ശോഭേച്ചിക്ക് ഞാൻ ഒന്നും തരില്ല കേട്ടോ.."

ശോഭേച്ചിയുടെ മുഖത്ത് ദുഃഖമായിരുന്നു. അതിന്റെ അർത്ഥമറിഞ്ഞുകൊണ്ട് ഞാനൊന്ന് മൂളി. ഒന്നു തിരിഞ്ഞു നോക്കിയപ്പോഴാണ് മനസ്സിലായത് അമ്മ എന്റെ പുറകെത്തന്നെ നടക്കുന്നുണ്ടായിരുന്നു. പിന്നീട് ഞാൻ തിരിഞ്ഞു നോക്കിയതേയില്ല. മഴ പൂർവ്വാധികം ശക്തിപ്രാപിച്ചിരുന്നു. വീണ്ടും നടന്നു. എവിടെയോ വെച്ച് അമ്മ വിളിച്ചു പറയുന്നതു കേട്ടു "മോനെ നീ പൊയ്ക്കോളൂ... ഞാൻ ഇവിടെ ഈ കൽത്തറയിൽ ഇരിക്കയാണ്."

പിന്നീട് മുന്നിൽ കൂരിരുട്ട് മാത്രമായിരുന്നു. വെപ്രാളത്തിൽ എവിടെയോ കാൽ തടഞ്ഞു വീണുവോ... ഏതോ അഗാധഗർത്തത്തിലേക്ക്... അവിടെ നിന്നും എന്നെ കൈപിടിച്ചെഴുന്നേൽപ്പിച്ചത് എന്റെ ആത്മ സുഹൃത്തായിരുന്നു.

അല്പ ദൂരം ഞങ്ങൾ കൈകോർത്തിണങ്ങി നടന്നു. വഴി തികച്ചും അജ്ഞാതമായിമാറി. ആ അജ്ഞത ആത്മ സുഹൃത്തിന്റെ മുഖത്ത് തളർച്ച പരത്തി.

"ഞാനൊന്നു വിശ്രമിക്കട്ടെ..." അവൻ പറഞ്ഞു.

ഞാൻ പിന്നീട് ഓടുകയായിരുന്നു. കൂരിരുട്ട് ശൂന്യതയായിമാറി കണ്ണുകളിലേക്ക് പടർന്നു. തല എവിടെയോ ശക്തിയായി ഇടിച്ചപോലെ.. ഞാൻ ഉച്ചത്തിൽ വിളിച്ചു.

"അമ്മേ......"

മാകിൻറോഷിലെ ക്ലോക്കിൽ പന്ത്രണ്ടടിച്ചു... അല്പം മയങ്ങിയോ എന്ന് സംശയം.

എന്തായാലും എത്ര വൈകിയാലും ഇന്ന് എന്തെങ്കിലും എഴുതണം... എഴുതിയേ തീരൂ... ഞാൻ വീണ്ടും ഇരുന്നു. നാളെ സുരേഷ്സാന്റെ ഫോൺ വരുമ്പോൾ എന്തെങ്കിലും പറയെണ്ടെ!

## ഒരു വാക്ക്

മൈക്കിൾ ചാണ്ടി

വികാരങ്ങളെ വാക്ക്കൊണ്ട് അവതരിപ്പിക്കാൻ ശ്രമിക്കുമ്പോളുണ്ടാകുന്ന പരിമിതികൾ ഞാൻ മനസ്സിലാക്കുന്നു. അഞ്ചു വർഷക്കാലം ടോക്യോയിൽ നിങ്ങളുടെ ഇടയിൽ ജീവിച്ച ഞാൻ ജപ്പാനിൽനിന്നു വിട പറയുന്ന ഈ അവസരത്തിൽ ഒരു വാക്ക് ഉപയോഗിക്കാൻ ശ്രമിക്കട്ടെ. പക്ഷെ, മനസ്സിൽ രൂപപ്പെടുന്നതെല്ലാം വാക്ക്കൊണ്ട് വരച്ചിടാൻ കഴിയുമോ?

വൈവിധ്യം നിറഞ്ഞ ടോക്യോ മലയാളി കുടുംബത്തിന്റെ പടിവാതില്ക്കൽ യാത്ര പറയാൻ നില്ക്കെ ഞാൻ തിരിഞ്ഞു നോക്കുന്നു. പുഞ്ചിരി വിടരുന്ന മുഖങ്ങളുമായിവരുന്ന മനസ്സുകളുടെ പ്രസാദം എന്റെ കണ്ണിൽ പ്രതിഫലിച്ചിരുന്നു.

പഴങ്ങൾ പറിച്ചും, മാവിലെറിഞ്ഞും, തോടുകളിൽ മീൻ പിടിച്ചും, ഇണങ്ങിയും പിണങ്ങിയും, കളിച്ചും ചിരിച്ചും നടന്നിരുന്ന ബാല്യത്തിൽ, മനസ്സിൽ പതിഞ്ഞ ആ ഹരിത ഭംഗിയും അതിന്റെ കുളിർമയും ഓരോ മലയാളി കുടുംബത്തിന്റെ പടി കയറുമ്പോഴും എന്നിൽ നിറഞ്ഞിരുന്നു. മലനാടിന്റെ പ്രകൃതി നമുക്കോരോരുത്തർക്കും സമ്മാനിച്ച വൈവിധ്യമായിരിക്കാം ഈ തറവാടിന്റെ സമ്പത്ത്.

വിടർന്ന പുഷ്പങ്ങൾ നിറഞ്ഞ ടോക്യോ മലയാളിത്തറവാടിന്റെ പൂന്തോപ്പിൽ നിന്ന് ഞാനിതാ ഒരു കുടന്ന സൗരഭ്യമെടുക്കുന്നു.

പിന്നെ, കുശല പ്രശ്നങ്ങളിലും വാഗ്വാദങ്ങളിലും നർമ്മനിമിഷങ്ങളിലും പയറ്റിയ ആയുധങ്ങളെല്ലാം മടക്കുന്ന മലനാടിന്റെ രുചി.

ഒടുവിൽ, എന്റെ മനസ്സിൽ നിങ്ങൾ വരച്ചിട്ട വർണ്ണങ്ങളുടെ പകിട്ട്.

ഞാൻ ധന്യനായി യാത്രയാകുന്നു. നന്ദി.

### തെങ്ങുകയറ്റം പഠിക്കാൻ കോളേജ്

ലോകത്തിലെ ആദ്യത്തെ സ്വാശ്രയ സ്വയംഭരണ തെങ്ങുകയറ്റ പരിശീലന കോളേജ് കോഴിക്കോട് ആരംഭിച്ചിരിക്കുന്നു.കോളേജിൽ ഒരുകാരണവശാലും പെൺകുട്ടികൾക്ക് പ്രവേശനം നൽകില്ലെന്ന് ചെയർമാൻ രാമദാസ് വൈദ്യർ പറയുന്നു.

## പാചകം

### യോഗർട്ട് മൂസ്

ഫിലോ തോമസ്

| | |
|---|---|
| യോഗർട്ട് | - 250 ഗ്രാം |
| പഞ്ചസാര | - 70 ഗ്രാം |
| മാർഗറിൻ | - 80 ഗ്രാം |
| ഫ്രെഷ്ക്രീം/വിപ്പ്ക്രീം | - 100 ml |
| വെള്ളം | - 100 ml |
| ജലാറ്റിൻ | - 8 ഗ്രാം |
| സാധാരണ ബിസ്കറ്റ് | - 50 ഗ്രാം (ആവശ്യാനുസരണം) |

മൂസ് ഒഴിച്ചുവെക്കാൻ ഉദ്ദേശിക്കുന്ന പാത്രത്തിനകത്ത് ഒരു പ്ലാസ്റ്റിക് റാപ് വെച്ച് അതിൽ പൊടിച്ച ബിസ്കറ്റ് ഇട്ട് ഫ്രിഡ്ജിൽ വെക്കുക.

തുടർന്ന് ചൂടാക്കാവുന്ന ഒരു പാത്രത്തിൽ 100 ml വെള്ളം എടുത്ത് അതിലേക്ക് ജലാറ്റിൻ ഇട്ട് ഇളക്കിക്കൊണ്ട് ചെറുതീയിൽ ചൂടാക്കുക. ജലാറ്റിൻ മുഴുവൻ ലയിച്ചു കഴിഞ്ഞാൽ ചൂടാക്കുന്നത് നിർത്താം. തിളക്കാൻ അനുവദിക്കരുത്.

ഫ്രെഷ്ക്രീം അല്ലെങ്കിൽ വിപ്പ്ക്രീം നന്നായി ഇളക്കി ക്രീമാക്കി വെക്കുക. യോഗർട്ടിലേക്ക് പഞ്ചസാരയും ഉരുക്കിയ മാർഗറിനും യഥാക്രമം ചേർക്കുക. നന്നായി മിക്സ് ചെയ്തതിനുശേഷം ക്രീമും ജലാറ്റിൻ ലയിപ്പിച്ച വെള്ളവും (ചൂടാറിയത്) ചേർത്ത് നന്നായി യോജിപ്പിക്കുക.

ഈ മിശ്രിതം ആദ്യം ബിസ്കറ്റ് പൊടിച്ചുവെച്ചിരിക്കുന്ന base-ൽ ഒഴിച്ച് ഫ്രിഡ്ജിൽ വെക്കുക. രണ്ടു മൂന്നു മണിക്കൂറിനുള്ളിൽ ഉപയോഗിക്കാൻ തക്ക വിധത്തിൽ ഉറച്ചിരിക്കും. പഴങ്ങൾ ചെറുതായി മുറിച്ച് ഇതിന്റെ മീതെ വെച്ച് അലങ്കരിക്കാം.

ഇന്ത്യ നന്നാകുവാനെന്തു നല്ലൂ
കുന്തുരുക്കപ്പുക തന്നെ നല്ലൂ.
ഇന്ത്യ നന്നാകുവാനെന്തുവേണം
ഞാനാദ്യം നന്നായിത്തീർന്നിടേണം.

- കുഞ്ഞുണ്ണി

# മരണവുമായി മുഖാമുഖം

സിക്കന്തർ

1995 ജനുവരി 17, ചൊവ്വാഴ്ച. സമയം പുലർച്ചെ 5.47. പുറത്ത് കഠിനമായ തണുപ്പ്. 'ഫുതോണി' നകത്തെ ഇളം ചൂട്ടിൽ നല്ല ഉറക്കത്തിലായിരുന്നു ഞാൻ.

ചെറിയ എന്തോ അനക്കം തോന്നി ഞെട്ടിയുണർന്നു. അനക്കം പെട്ടെന്നു വലിയ കുലുക്കമായി. വീടാകെ കുലുങ്ങാൻ തുടങ്ങി. ഞാൻ കട്ടിലിൽ തൊട്ടിലിലാടുന്നതു പോലെ ആടി. ആദ്യം ഭയാനകമായ സ്വപ്നമാണെന്നു തോന്നി. അല്ല, യഥാർത്ഥമാണെന്നു ഉടനെ മനസ്സിലായി. അതെ, ഭൂമി കുലുങ്ങുകയാണ്. ഞാൻ താമസിക്കുന്ന 15 നിലകളുള്ള കെട്ടിടം ഒരു തീപ്പെട്ടി പോലെ കുലുങ്ങുന്നു. ലോകാവസാനമായിരിക്കുമെന്നു കരുതി.

കിടപ്പു മുറിയിലെ 'വാൾ ക്ളോക്ക്' കുലുങ്ങി വീണു. അടുത്ത മുറിയിൽ പലതും വീണുടയുന്ന ശബ്ദം. എഴുന്നേല്ക്കാൻ തോന്നിയില്ല. കെട്ടിടം പൊളിഞ്ഞു വീഴുമെന്നുറപ്പായിരുന്നു. അതോടെ എന്റെ ജീവിതവും. ഇവിടെ ജപ്പാനിലാണോ എന്റെ മരണം നിശ്ചയിച്ചിരിക്കുന്നത്? ഞാൻ മരിച്ചാൽ എന്റെ വീട്ടുകാർ എപ്പോഴായിരിക്കും വിവരമറിയുക... പലതും മനസ്സിൽ മിന്നി മറയുന്നു... മരണത്തെ മുമ്പിൽ കണ്ടപ്പോൾ എന്തോ പേടി തോന്നിയില്ല. രക്ഷപ്പെടുവാൻ ഒരു വഴിയുമില്ല എന്നു മനസ്സിലായതു കൊണ്ടായിരിക്കണം. മരണം കാത്തു കിടന്നു. ഇപ്പോൾ..... ഇപ്പോൾ..... ഇപ്പോൾ....

40 സെക്കൻറ് കഴിഞ്ഞപ്പോൾ ആട്ടം സാവധാനത്തിലായി. ഒരു വല്ലാത്ത ശബ്ദത്തോടെ മെല്ലെ ആടുന്നു. പുറത്ത് ആൾക്കാരുടെ ബഹളം കേട്ടു. ഒരു മരവിപ്പിലായിരുന്നു ഞാൻ. എഴുന്നേല്ക്കാൻ തോന്നിയില്ല. പെട്ടെന്നു ഫോൺ മണിയടിച്ചു. ഒരു ഞെട്ടലോടെ ഫോണെടുത്തു. ഒരു ജപ്പാനി സുഹൃത്തായിരുന്നു. വേഗം പുറത്തേക്കോടാൻ അയാൾ പറഞ്ഞു. ഫോൺ വെച്ചതും ഉടനെ പുറത്തേക്കോടി. ധരിച്ചിരുന്ന night-dress-ൽ തന്നെ. Lift ഉപയോഗിക്കാൻ പാടില്ല. 6-ാം നിലയിൽ നിന്നും Stair Case- ൽ കൂടി താഴേക്ക് കുതിച്ചു.

പുറത്തു വന്നപ്പോൾ റോഡിൽ വലിയ ആൾക്കൂട്ടം. കെട്ടിടങ്ങളിൽ നിന്നും പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും ഓടി വരുന്നു. പേടിയും, അമ്പരപ്പും എല്ലാവരുടെ മുഖത്തും. പുറത്ത് ഭയകര തണുപ്പും. പലരും പലതും പറഞ്ഞു. പോലീസു കാറുകൾ സൈറൺ മുഴക്കി ഓടുന്ന ശബ്ദം. Fire Engine- കളുടെ മണിയടി ശബ്ദം... ഒരു പത്തു നിമിഷം കഴിഞ്ഞപ്പോൾ എല്ലാവരും മടങ്ങിത്തുടങ്ങി. ഞാനും മെല്ലെ വീട്ടിലേക്ക് മടങ്ങി. അകത്ത് പലതും മറിഞ്ഞു വീണു കിടക്കുന്നു. ഗ്ളാസുകൾ, പിഞ്ഞാണങ്ങൾ, കുപ്പികൾ എല്ലാം പൊട്ടിത്തകർന്നു കിടക്കുന്നു. ചുമരിൽ വിള്ളൽ വീണിരിക്കുന്നു...

പെട്ടെന്നു ഞാൻ ഏകനായ പോലെ തോന്നി. എല്ലാവരോടും സംസാരിക്കാൻ മനസ്സു വെമ്പി. ചങ്ങാതിമാരെ ഫോണിൽ വിളിച്ചു. യോകൊഹാമയിൽ സുരേഷ് ലാലിനെയും ദുബായിലുള്ള അനിയന്മാരെയും പിന്നെ നാട്ടിലേക്കും വിളിച്ചു. എല്ലാവരോടും സംസാരിച്ചു കഴിഞ്ഞപ്പോൾ കുറച്ചു സമാധാനമായി.

അതെ, ജപ്പാനെ ഞെട്ടിച്ച "The Great Hanshin Earth Quake", കോബെയിലും ഓസക്കയിലും നാശം വിതച്ച് അയ്യായിരത്തിലധികം ജീവനും കൊണ്ടു പോയി. ഇപ്പോൾ പത്തു മാസങ്ങൾ കഴിഞ്ഞിട്ടും മനസ്സിൽ നിന്നു വിട്ടു പോയിട്ടില്ല. കത്തിക്കരിഞ്ഞ വീടുകളും, ഇടിഞ്ഞു തകർന്നു കിടക്കുന്ന കെട്ടിടങ്ങളും അതേ പടി...

പ്രകൃതിയുടെ ക്രൂര വിനോദങ്ങൾക്കു മുമ്പിൽ നാം നിസ്സഹായർ. നമുക്കു ചെയ്യാൻ സാധിക്കുന്നത് മുൻ കരുതലുകൾ എടുക്കുക മാത്രം. ഈശ്വരൻ കാത്തു രക്ഷിക്കുമെന്നു വിശ്വസിക്കുകയും..

> സന്തോഷമെന്നത് നാം തേടിചെല്ലുമ്പോൾ കിട്ടുന്ന ഒന്നല്ല; അത് ഒരുപോൽപ്പന്നമാണ്. മനസ്സ് സത്യം അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ കൈവരുന്നതാണ്.
>
> - ജെ. കൃഷ്ണമൂർത്തി

# സാഹിത്യമില്ലാത്ത വാരഫലം

ബിനി പ കജ്ജാക്ഷൻ

ശംഖുമുഖം കടപ്പുറം തിരുവനന്തപുരത്തുകാർക്ക് അവധി ദിവസ സായാഹ്നങ്ങൾ ചെലവഴിക്കാനുള്ള ഒരു സ്ഥലമാണ്. സമീപത്തുള്ള ടൈറ്റാനിയം ഫാക്ടറിയിൽനിന്നുള്ള പരിശുദ്ധമായ മാലിന്യങ്ങൾകൊണ്ട് നിറഞ്ഞ അറബിക്കടലിൽ അലിഞ്ഞുതാഴുന്ന സൂര്യനെ നോക്കിക്കൊണ്ടിരിക്കാൻ ഒരു സുഖമാണ്.

അങ്ങിനെയുള്ള ഒരു വാരാന്ത്യ സായാഹ്നത്തിൽ ഞാൻ കൃഷ്ണൻ നായർ സാറിന്റെ കൂടെ ശംഖു മുഖത്ത് എത്തി. താളിയോലക്കുവേണ്ടി എഴുതിയ കഥയെക്കുറിച്ച് അഭിപ്രായം ആരായുക എന്ന ഉദ്ദേശം കൂടിയുണ്ട് എനിക്ക്.

ലോക സാഹിത്യത്തെക്കുറിച്ച് വാചാലനായ അദ്ദേഹത്തിന്റെ വാഗ്ധോരണിയിൽ മുഴുകിയതുകൊണ്ടാണോ അതോ കാറിനകത്ത് നാലു ഗ്ലാസും പൊക്കിയിട്ടിരുന്നതുകൊണ്ടാണോ എന്തോ കടലിന്റെ ഇരമ്പലോ, കാറ്റിന്റെ ശബ്ദമോ, കപ്പലണ്ടിയും ബീഡിയും വില്ക്കുന്ന അമ്മച്ചിയുടെ ചീത്തവിളിയോ ഒന്നും എന്റെ ശ്രവണപഥത്തിൽ എത്തിയില്ല.

കൃ:ഉൽകൃഷ്ടനായ സാഹിത്യകാരൻ വായനക്കാരിൽ ചിന്തയുടെ ഓളങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ളവനായിരിക്കണം.

ഞാ : (ആത്മഗതം) അപ്പോൾ 'മ'യിൽ തുടർക്കഥകളെഴുതുവന്മാരെല്ലാം ഉൽകൃഷ്ടരായിരിക്കും. കേരളത്തിലങ്ങോളമിങ്ങോളമുള്ള യുവകോമളാംഗികളുടെ മനസ്സിൽ ആവശ്യമില്ലാത്ത ചിന്തകൾ സൃഷ്ടിച്ചു വിടുകയല്ലേ അവന്മാർ.

കൃ: എന്തെങ്കിലും പറഞ്ഞോ?

ഞാ : ഇല്ല. സാറ് പറഞ്ഞത് ശരിയാണ്.

കൃ: താൻ ഷിറാക്കിന്റെ (Jacques Chirac. 'Chirac' എന്നതു ശരിയായ ഉച്ചാരണം.) 'ലെ ന്യൂക്ലിയർ ദുതാഹിതി' എന്ന കൃതി വായിച്ചിട്ടുണ്ടോ?

ഞാ : ഇല്ല. സാറ് വായിച്ചിട്ടുണ്ടോ?

കൃ: എനിക്ക് ഫ്റെഞ്ചിലുള്ള ഒറിജിനൽ വായിക്കാൻ സാധിച്ചില്ലെങ്കിലും ചൈനീസിലുള്ള തർജ്ജമ വായിക്കാൻ കഴിഞ്ഞു. ശാന്ത സമുദ്രത്തിൽ പൊട്ടുന്ന ഒരു അണ്വായുധത്തിൽ നിന്നുയരുന്ന കുട. ആ കുട പിടിച്ചുകൊണ്ട് നില്ക്കുന്ന രാഷ്ട്രീയക്കാരൻ യൂറോപ്പിനെ കുടക്കീഴിൽ വരുത്തി സംരക്ഷിക്കാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ. ഇവയെല്ലാം വളരെ ഭംഗിയായി വർണ്ണിച്ചിരിക്കുന്നു.

ഞാ : നല്ല രസമായിരിക്കും അല്ലേ? (എന്റെ ജഗതി ശ്രീകുമാർ രീതിയിലുള്ള സംസാര ശൈലി ഇഷ്ടപ്പെടാത്തതുകൊണ്ടാണോ എന്തോ അദ്ദേഹം ഒന്നിരുത്തി മൂളി.)

ഞാ:അപ്പോൾ എന്റെ ചെറുകഥയുടെ കാര്യം?

കൃ: തനിക്കു വാസനയില്ലടോ.

ഞാ : (അറിയാതെ കക്ഷം മണപ്പിച്ചുകൊണ്ട്) വൈകീട്ടു കുളിച്ചിട്ടിറങ്ങിയതുകൊണ്ടായിരിക്കും.

കൃ: അതല്ലടോ, സാഹിത്യ വാസന. അതു തനിക്കില്ല. (എന്റെ കൈപ്പത്തിയും അങ്ങേരുടെ കവിളും കൂട്ടിമുട്ടുന്ന ഒരു രംഗം പെട്ടെന്നെന്റെ മനസ്സിലെത്തി എന്നെ ആവേശം കൊള്ളിച്ചെങ്കിലും, അങ്ങേരുടെ വണ്ടിക്കകത്ത് ഇരിക്കുന്നതുകൊണ്ട് സംയമനം പാലിച്ചു.)

കൃ: (തുടർന്നുകൊണ്ട്) തന്റെ കഥ വായിക്കുന്നവന് മുറുറൊബെ അറ്റോളിൽ നിന്നുള്ള മീൻ തിന്നുന്ന ഗ്രീൻപീസുകാരന്റെ വികാരമായിരിക്കും ഉണ്ടാകുക. താൻ ആ വഴി ഉപേക്ഷിക്കൂ.....

ഇതുകേട്ട് ഹൃദയം തകർന്ന് ഞാൻ വണ്ടിയുടെ കണ്ണാടിച്ചില്ലിലൂടെ പുറത്തേക്കു നോക്കി. അറബിക്കടലിലേക്ക് മുങ്ങിത്താണുകൊണ്ടിരിക്കുന്ന സൂര്യനെപ്പോലെ എന്റെ ആത്മവിശ്വാസവും മുങ്ങിപ്പോയി. ഇനി താളിയോലയുടെ മുഖചിത്രം വര മാത്രം മതി എന്നു നിശ്ചയിച്ചുകൊണ്ട് ശംഖുമുഖത്തുനിന്ന് യോകൊഹാമയിലുള്ള എന്റെ വീട്ടിലേക്ക് മടങ്ങി.

അപ്പോഴും ആ അമ്മൂമ്മ ചീത്ത വിളിച്ചുകൊണ്ടിരിക്കുകയായിരുന്നു.



ഓണം





ഈ വർഷത്തെ ദീപാവലിക്ക് മലയാളി സുഹൃത്തുക്കൾ മാവേലിയുടെ കഥ നൃത്ത നാടക രൂപത്തിൽ അവതരിപ്പിച്ചു.



# മുഖാമുഖം

## എ.പി.എസ്. മണി,പുഷ്കല മണി

ഇന്ത്യയെ സംബന്ധിച്ചുള്ള ഏതു പരിപാടിയായാലും എവിടെയും കാണാറുള്ള മുഖം. ഏതു തിരക്കിലും ആരോടും പേരു വിളിച്ചു രണ്ടു വാക്കു പറയുന്ന ശൈലി. മുഖത്തെ ഹൃദ്യമായ സൗഹൃദഭാവം. മണിസാനെയും പുഷ്കലസാനെയും പരിചയപ്പെടുത്തുക എന്നതിന്റെ പ്രസക്തിയെപ്പറ്റി ആർക്കും സംശയം തോന്നാം. പക്ഷെ, ആൾക്കൂട്ടത്തിൽ കാണാറുള്ളതല്ലാതെ എ.പി.എസ്. മണി എന്ന വ്യക്തിയെപ്പറ്റി എത്ര പേർക്കറിയാം? കസവു മുണ്ടും വായിൽ മുറുക്കാനുമായി കാരണവരായി ഓണ സദ്യക്കും, സൂട്ടിൽ എല്ലാവരോടും ഒരുപോലെ കുശലം പറഞ്ഞുകൊണ്ട് ദീപാവലി സന്ധ്യക്കും കാണാറുള്ള ആ വ്യക്തിത്വത്തിന്റെ അന്വേഷണവുമായിട്ടാണ് ഞങ്ങൾ അദ്ദേഹത്തിന്റെ വീട്ടിലേക്ക് ചെന്നത്. വിശാലമായ സ്വീകരണമുറിയിൽ നാലു മണിക്കൂറോളം നീണ്ടുനിന്ന ഒരു കുടുംബ സദസ്സ്. വർഷങ്ങളോളമായി വിട്ടു നിന്നിട്ടും ഇന്നും നാട്ടിലെ സജീവമായ സാന്നിദ്ധ്യം; പിന്നെ 19 വർഷത്തെ ജപ്പാൻ ജീവിതത്തിൽ ഇവിടത്തെ സാംസ്കാരിക പൊതു രംഗത്തെ പങ്കാളിത്തം. ഇതെല്ലാം മുഖാമുഖത്തിലൂടെയവതരിപ്പിക്കുന്നത്

അറിഞ്ഞതിൽപാതി പറയാതെ പോയി,
പറഞ്ഞതിൽപാതിയെഴുതാതെ പോയി,
അതിൽപാതിപിന്നെ....

എന്ന് പറഞ്ഞതുപോലെയായിരിക്കുമെന്നു തോന്നുന്നു.

താ: തിരക്കിനിടയിൽ എല്ലായിടത്തും കാണുന്ന മണിസാനല്ലാതെ എ.പി.എസ്. മണി കുടുംബത്തെ പരിചയപ്പെടുകയാണ് ഉദ്ദേശം....

മ: ഞാൻ പാലക്കാടു ജില്ലയിൽ അത്തിപ്പറ്റ ഗ്രാമക്കാരനാണ്. ഞാനാരാണെന്ന ചോദ്യത്തിന്ന് ഒറ്റവാക്കിൽ പറഞ്ഞാൽ 'അത്തിപ്പറ്റക്കാരൻ' എന്നേ എനിക്കു പറയാനുള്ളൂ. അവിടത്തെ ക്ഷേത്രത്തിലെ പൂജാരികളായിരുന്നു ഞങ്ങളുടെ കുടുംബം. എന്റെ മുഴുവൻ പേര് അത്തിപ്പറ്റ പരമേശ്വരൻ സുബ്രഹ്മണ്യൻ എന്നാണ്. ഒമ്പതു മക്കളിൽ ആദ്യത്തെ മകനാണ് ഞാൻ. നാട്ടിൽ ബി.എ. വരെ പഠിച്ചശേഷം ജോലിയന്വേഷിച്ച് ബോംബെയിൽ പോയി. കൂട്ടത്തിൽ പറയട്ടെ - അത്തിപ്പറ്റയിലെ ആദ്യത്തെ ബി.എ. ക്കാരൻ ഞാനായിരുന്നു. പിന്നെ ബോംബെയിൽ ജോലിയിലിരിക്കെ പഠിച്ച് മൂന്നു പി.ജി. യും എട്ട് ഡിപ്ളോമയും എടുത്തു; പഠിക്കാവുന്നിടത്തോളം പഠിപ്പിക്കണമെന്ന് അച്ഛന്റേയും വലിയ ആഗ്രഹമായിരുന്നു. അങ്ങനെ 23 വയസ്സോടുകൂടിത്തന്നെ ഭേദപ്പെട്ട ഒരു അഡ്വർടൈസിങ് കമ്പനിയിലെ ഒരു എക്സിക്യൂട്ടീവായിത്തീർന്നു. പിന്നെ വിവാഹാലോചനകൾ. ജാതകത്തിന്റെ പ്രശ്നം കാരണം 108-ാമത്തെ ജാതകമാണ് പൊരുത്തപ്പെട്ടത് - പുഷ്കലയുടെ. ഒടുവിൽ വിവാഹം കഴിഞ്ഞപ്പോൾ 32 വയസ്സായിരുന്നു.

താ: പുഷ്കലസാന്റെ കുട്ടിക്കാലത്തെക്കുറിച്ച്...?

പു: എന്റെ സ്ഥലം തൊടുപുഴയാണ്. ഒരു കവിയും സംസ്കൃത പണ്ഡിതനുമായിരുന്ന പുലിയന്നൂർ എസ്. രാമയ്യരുടെ ഒമ്പതു മക്കളിൽ ഒടുവിലത്തെ മകളാണ് ഞാൻ. ഞാൻ ജനിക്കുമ്പോൾ അച്ഛന് 51 വയസ്സായിരുന്നു. മഹാകവി ഉള്ളൂരിന്റെ അടുത്ത സുഹൃത്തായിരുന്നു അച്ഛൻ. വീട്ടിൽ സാഹിത്യ സദസ്സുകൾ സാധാരണമായിരുന്നു. ഞാൻ മലയാളം ബി.എ. പാസ്സായി. നാട്ടിലെ എല്ലാകുട്ടികളെയും എഴുത്തിനിരുത്തുന്നത് അച്ഛനായിരുന്നു. അച്ഛന്റെ തന്നെ സ്വാധീനംകൊണ്ടായിരിക്കാം ഞങ്ങൾക്കെല്ലാവർക്കും വായനയിൽ താൽപര്യമുണ്ടായത്. മണിക്കൂറുകളോളം പുസ്തകവുമായിരിക്കാൻ വിഷമമില്ലാത്തവരായിരുന്നു എല്ലാവരും. അച്ഛന്റെ മരണശേഷം ജ്യേഷ്ഠനോടുകൂടി ബോംബെയിൽ താമസിക്കുന്ന കാലത്താണ് വിവാഹാലോചനയും വിവാഹവുമെല്ലാം.

താ: ഇന്ത്യയിൽ പൊതുവെ ജപ്പാനെക്കുറിച്ചുള്ള അറിവ് തീരെക്കുറവാണെന്നിരിക്കെ ഇവിടെ

വരാനും രണ്ടു ദശാബ്ദത്തോളം ഇവിടെക്കഴിയാനും ഇടവന്നതെങ്ങിനെയാണ്?

മ: ബോംബെയിൽ താമസിക്കുന്ന കാലത്താണ് ജാപ്പനീസ് സംസ്കാരത്തോട് ഇടപഴകാൻ അവസരം ലഭിച്ചത്. ആദ്യംമുതലെ എന്തുകൊണ്ടോ ഈ രാജ്യവും സംസ്കാരവും എന്നെ ആകർഷിച്ചു. ഇന്ത്യയിലുള്ള ജപ്പാൻകാരോട് ഇടപഴകുന്നതിലും ജാപ്പനീസ് സിനിമകൾ കാണുന്നതിലും തുടങ്ങിയ ആ അടുപ്പം ബോംബെയിലെ ജപ്പാൻ ഇന്ത്യാ കൗൺസിലിന്റെ മെംബർ ആയും തുടർന്നു. ആയിടക്കാണ് പത്രത്തിൽ ഒരു അന്താരാഷ്ട്ര സ്ഥാപനത്തിലേക്ക് കമ്പനി എക്സിക്യൂട്ടീവിനെ അന്വേഷിച്ചുകൊണ്ടുള്ള പരസ്യം കണ്ടത്. ഇൻറർവ്യൂവിനുശേഷം അവർക്ക് ജപ്പാനിലും ഒഴിവുള്ള കാര്യം അറിയാനിടയായപ്പോൾ ഞാൻ അതിയായ താല്പര്യം പ്രകടിപ്പിച്ചു. അങ്ങനെ 1976 ജൂലൈ 17 ന് ഇവിടെയെത്തി. പുഷ്കലയും മകളും മൂന്നു മാസങ്ങൾക്കുശേഷവും.

താ: ജപ്പാനിലെ ഇന്ത്യൻ സമൂഹത്തിന്റെ ചരിത്രത്തെക്കുറിച്ച് ആധികാരികമായി പറയാൻ ഇന്ന് മണിസാനോളം ആർക്കും കഴിയില്ലല്ലോ - അറിയാൻ ആഗ്രഹമുണ്ട്?

മ: ഞാനിവിടെ വന്നകാലത്ത് ഇവിടത്തെ ഇന്ത്യൻ സമൂഹത്തിന്റെ പ്രവർത്തനം വളരെ ചുരുങ്ങിയ തോതിലായിരുന്നു വെന്നു പറയാം. മിക്കവാറും വീടുകളിൽ ഒത്തുകൂടാറുണ്ടായിരുന്നതു മാത്രമായിരുന്നു. അതിനുശേഷമാണ് സജീവമായൊരു സംഘടന സാക്ഷാൽ നായർസാന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നത്. പിന്നീട് ഞാൻ അതിന്റെ സെക്രട്ടറിയായി. ഇവിടത്തെ ഇന്ത്യൻ കമ്യൂണിറ്റിയുടെ ഇന്നത്തെ കെട്ടുറപ്പിനും വളർച്ചക്കും കാരണമായി ഒരാളെ ചൂണ്ടിക്കാണിക്കാമെങ്കിൽ അത് സാക്ഷാൽ നായർസാനാണ്. 1984 ന് ശേഷമാണ് അംഗസംഖ്യയുടെ കാര്യത്തിൽ ഗണ്യമായ വർധനവുണ്ടായത്. സെക്രട്ടറിയെന്ന നിലയിൽ ഞാനേറ്റവും ശ്രദ്ധിക്കുന്നത് എല്ലാവരുമായും വ്യക്തിപരമായ ഒരു 'ടച്ച്' നിലനിർത്താനാണ്. ഒരു സമൂഹത്തിന്റെ കെട്ടുറപ്പിന് ഏറ്റവും അത്യാവശ്യമായത് അതാണെന്ന് ഞാൻ വിശ്വസിക്കുന്നു.

താ: ഇനി നിങ്ങളുടെ രണ്ടുപേരുടേയും നിത്യജീവിതത്തിലെ നിമിഷങ്ങളെക്കുറിച്ച് അറിഞ്ഞാൽ കൊള്ളാം.

മ: ഓഫീസ് കഴിഞ്ഞാൽ പിന്നെ മറ്റെല്ലാ സമയവും ഞാൻ 'communication'-ന് വേണ്ടിയാണ് ചിലവഴിക്കുന്നതെന്നു പറയാം. അച്ഛൻ ഉണ്ടായിരുന്നപ്പോൾ എല്ലാ ദിവസവും അച്ഛന് എഴുതുമായിരുന്നു. അച്ഛൻ തിരിച്ചും. നിത്യജീവിതത്തിലെ നിസ്സാര കാര്യങ്ങൾവരെ വിശദമായി എഴുതാറുണ്ട്. അതുപോലെ ഇപ്പോഴും അയൽവാസികൾ പലരിൽ നിന്നും വിശദമായ എഴുത്തുകൾ കിട്ടുന്നു. പിന്നെ നാട്ടിലെ പല സുഹൃത്തുക്കൾക്കും പതിവായി എഴുതും. അനിയന് ആഴ്ചയിൽ രണ്ടോ മൂന്നോ തവണ ഫോൺ ചെയ്യും. പിന്നെ ഇ-മെയിൽ വഴി പലരുമായും ദിവസേന. ഒരു ദിവസം ചുരുങ്ങിയത് ഇരുപതോളം ഫോൺ കോളുകളും. പിന്നെ, വായന, സംഗീതം എന്നിവക്ക് കാര്യമായ സമയമോ താല്പര്യമോ ഇല്ല.

പു: I spend most of my time reading. മലയാളവും ഇംഗ്ലീഷും എന്തു കിട്ടിയാലും വായിക്കും. മാതൃഭൂമി വാരിക ഇപ്പോഴും പതിവായി വായിക്കാറുണ്ട്. പിന്നെ, മിക്കവാറും ദിവസവും അതിഥിയോ ആതിഥേയയോ ആയിരിക്കും. Also, I like cooking.

താ: ഇത്രയും കാലത്തെ ജപ്പാൻ ജീവിതത്തിൽ അവിസ്മരണീയമായ സംഭവങ്ങൾ പലതും ഉണ്ടായിരിക്കണമല്ലോ. ചിലത് അറിഞ്ഞാൽകൊള്ളാം.

മ: ഇവിടത്തെ താമസത്തിനിടക്ക് ഉണ്ടായ ഏറ്റവും വലിയ നേട്ടമേതെന്ന് ചോദിച്ചാൽ പ്രശസ്തരും അപ്രശസ്തരുമായ പലരുമായും ചിലവഴിച്ചതിന്റെ ഓർമകളാണ്. എല്ലാവരേയും പേരെടുത്തു പറയുന്നത് വിഷമമാണെങ്കിലും പ്രത്യേകം ഓർക്കുന്ന പലരുമുണ്ട്.

നായർസാനുമായി ചിലവഴിച്ച അനേകം സായാഹ്നങ്ങൾ. സ്വൈരമായി സംസാരിക്കാനെന്നു പറഞ്ഞ് സ്വന്തം റസ്റ്റോറൻറിൻെറ എതിർവശത്തെ കാപ്പിക്കടയിലേക്ക് കൂട്ടി കൊണ്ടുപോവുകയാണ് പതിവ്. പിന്നെ ജി. അരവിന്ദൻ. മകൻ പരമേശ്വരനെ എഴുത്തിനിരുത്തിയത് അരവിന്ദനാണ്. അതിനുശേഷം മരിക്കുന്നതുവരെയും എല്ലാ നവരാത്രിക്കും എഴുത്ത് എഴുതുമായിരുന്നു. മരണശേഷം അദ്ദേഹത്തിൻെറ മകനിൽനിന്ന് 'ചെറിയ മനുഷ്യനും വലിയ ലോകവും' ഒരു കോപ്പി അയച്ചു കിട്ടാനുള്ള ഭാഗ്യമുണ്ടായി. പിന്നെ, അക്കിത്തം നാരായണൻ, കെ.പി.പി. നമ്പ്യാർ, കെ.വി. നാരായണൻ, അങ്ങനെ പലരും. പ്രത്യേകം ഓർമയിൽ സൂക്ഷിക്കുന്ന മറ്റൊന്ന് രാജീവ് ഗാന്ധിയുടെ ജപ്പാൻ സന്ദർശന സമയമാണ്. ഹാളിലുണ്ടായിരുന്ന അറുന്നൂറിൽപ്പരം ആളുകളെയെല്ലാം പേരു പറഞ്ഞു പരിചയപ്പെടുത്തിയതിന് അദ്ദേഹം അത്ഭുതപൂർവം പ്രശംസിച്ചത് ഇന്നും അഭിമാനത്തോടെ സ്മരിക്കുന്നു.

പക്ഷെ, വ്യക്തിപരമായി ഏറ്റവും exciting ആയ അനുഭവം ഭാരതോത്സവത്തോടനുബന്ധിച്ച് അത്സുഗിയിൽ നടന്ന പഞ്ചവാദ്യം കാണാൻ പോയതാണ്. ഓഫീസിൽ നിന്ന് എന്തോ ഒഴികഴിവു പറഞ്ഞ് ഉച്ചക്ക് രണ്ടു മണിക്ക് അവിടെ എത്തി. എവിടെയോ ദൂരത്തുനിന്ന് എത്തിയ അർധ നഗ്നരായ ആ കൊട്ടുകാർക്കു വേണ്ടി വിശാലമായ ഹാൾ തിങ്ങിനിറഞ്ഞിരിക്കുന്നതുകണ്ടുണ്ടായ ആവേശം ഇന്നും മറക്കാനാവില്ല.

താ: വീണ്ടും വ്യക്തിപരമായ കാര്യത്തിലേക്ക് തന്നെ മടങ്ങട്ടെ. ഭാവി പരിപാടി എന്താണ്?

മ: നാട്ടിലേക്ക് മടങ്ങണം - അത്തിപ്പറ്റയിലെ പഴയ വീട്ടിലേക്ക്. ഇനി ഇവിടെ ഏറിവന്നാൽ രണ്ടു വർഷം കൂടി. മുൻപൊരുതവണ മാറ്റി വെച്ചതാണെങ്കിലും ഇത്തവണ അതുണ്ടാവില്ല. മകൾ ഭാഗീരഥി അമേരിക്കയിൽ നിന്ന് ബിരുദമെടുത്ത് ഇപ്പോൾ ദൽഹിയിലെ ജവഹർലാൽ നെഹ്റു സർവകലാശാലയിൽ പി.ജി. ചെയ്യുന്നു. രണ്ടു വർഷത്തിനുള്ളിൽ മകൻെറ സ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാവും. പിന്നെ നാട്ടിലേക്ക് മടങ്ങും.

താ: ഈ തിരക്കു പിടിച്ച ജീവിതത്തിൽ നിന്നും മാറി അവിടെയായാലത്തെ പരിപാടികൾ എന്തൊക്കെയായിരിക്കും?

മ: അതിനെപ്പറ്റി തീരെ ആശങ്കയില്ല. പഴയ തറവാടുവീട് കുറെക്കാലമായി പൂട്ടിയിട്ടിരിക്കയാണ്. അത് നന്നാക്കി താമസമാക്കണം. രണ്ടു നേരം അമ്പലത്തിൽ തൊഴണം. ഞാൻ ഇവിടെ നിന്ന് പ്രോത്സാഹിപ്പിച്ചു വരുന്ന ഒരു വായനശാലയുണ്ട് നാട്ടിൽ. ദിവസവും അവിടെപ്പോയിരുന്ന് നാട്ടു വർത്തമാനം, പിന്നെ ബന്ധുമിത്രാദികൾ അങ്ങനെ. പതിവായി എഴുത്തിലൂടേയും ഫോണിലൂടേയും ബന്ധപ്പെടുന്നതിനാൽ എപ്പോൾ ചെന്നാലും നാട്ടിലെ ഒരാളായിത്തീരാൻ കഴിയുമെന്നുറപ്പുണ്ട്.

താ: പുഷ്കലസാനോ?

പു: ആദ്യമെല്ലാം എനിക്കു സംശയമുണ്ടായിരുന്നു. ഉച്ചക്ക് ഓടുപഴുത്തുള്ള ചൂടിൻെറ വേനൽക്കാലമാണ് അത്തിപ്പറ്റയെക്കുറിച്ചുള്ളഏറ്റവുമാദ്യത്തെ ഓർമ. പക്ഷെ, ഇപ്പോൾ ഏതാണ്ട് പൊരുത്തപ്പെട്ടുവെന്ന് തോന്നുന്നു.

മ: പിന്നെയെല്ലാറ്റിലുമുപരി, ഇക്കാലമത്രയും എൻെറ മനസ്സിൽ നാട് വെറുമൊരോർമ മാത്രമായിരുന്നില്ല. കുന്നു നിറഞ്ഞ ആ നാട്ടിൻപുറത്തെ സൂര്യാസ്തമയം ഓർക്കാത്ത ഒരു വൈകുന്നേരവും എനിക്കില്ല. ഇവിടെ 'സെമി'യുടെ കരച്ചിൽ കേൾക്കുമ്പോൾ ഓർക്കുന്നത് ചീവിടിനു കാതോർത്തു കിടക്കുന്ന നാട്ടിലെ രാത്രികളാണ്.

(ഏകദേശം ഒരാത്മഗതം പോലെയാണ് ഇത് പറഞ്ഞുകൊണ്ടിരുന്നത്. പിന്നെ, പെട്ടെന്നെഴുന്നേറ്റ് ആതിഥേയൻെറ വേഷമണിഞ്ഞ് വേഗം ഊൺ മേശക്കരികിലേക്ക് നടക്കുമ്പോൾ, നിമിഷനേരം പ്രകടമായ ആ ദൗർബല്യം അതിജീവിച്ചതുപോലെ തോന്നി.)

> നൂറു മൈൽ നീളമുള്ള യാത്രയും ആദ്യത്തെ കാൽവെപ്പോടെയാണ് തുടങ്ങുക.
>
> \- ചൈനീസ് പഴമൊഴി

# പഞ്ചായത്തീരാജ്

ഗ്രാമ പഞ്ചായത്ത് ഗാന്ധിജിയുടെ സ്വപ്നമായിരുന്നു. ഭാരതത്തിൻെറ സ്വാതന്ത്ര്യം അഞ്ചു ലക്ഷത്തിലേറെ ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയിലാണെന്ന് അദ്ദേഹം കണ്ടു. ഈ സ്വപ്നം സഫലമാക്കാനുള്ള യത്നത്തിൽ നാം ഒരു പടി മുന്നോട്ട് പോയിരിക്കുകയാണ്, ഒക്ടോബർ 2-ാം തിയതി കേരളത്തിൽ നടപ്പിലാക്കിയ പുതിയ പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ.

ത്രിതല പഞ്ചായത്ത് സംവിധാനവും (ജില്ലാ പഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്) മുനിസിപ്പൽ കോർപ്പറേഷനുകളും അടങ്ങിയതാണ് പുതിയ പഞ്ചായത്തീരാജ് നഗരപാലികാ സംവിധാനം. ഇതിൽ ഏറ്റവും വലിയ സ്ഥാനം ജില്ലാ പഞ്ചായത്തിനാണ്. ഓരോ ജില്ലയിലും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഒഴിച്ചുള്ള ഭാഗമാണ് ജില്ലാ പഞ്ചായത്തിൻെറ പരിധിയിൽ വരിക. ബ്ളോക്ക് ഓഫീസുകളുടെ അധികാര പരിധിയിലുള്ള കാര്യങ്ങൾ സംയോജിപ്പിക്കുന്നതാണ് ബ്ളോക്ക് പഞ്ചായത്ത് സംവിധാനം. പഴയ പഞ്ചായത്തുകൾ ഇനി മുതൽ ഗ്രാമ പഞ്ചായത്തുകൾ എന്നായിരിക്കും അറിയപ്പെടുക.

14 ജില്ലാ പഞ്ചായത്തുകൾ
152 ബ്ളോക്ക് പഞ്ചായത്തുകൾ
900 ഗ്രാമ പഞ്ചായത്തുകൾ
10720 ഗ്രാമ സഭകൾ
57 മുനിസിപ്പൽ-കോർപറേഷൻ ഭരണസമിതികൾ

ജില്ലാ പഞ്ചായത്തിൽ, നേരിട്ട് തിരഞ്ഞെടുക്കപ്പെടുന്നവർക്കു പുറമെ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡൻറുമാരും അംഗങ്ങളായിരിക്കും. അതുപോലെ ബ്ളോക്ക് പഞ്ചായത്തുകളിൽ നേരിട്ട് തിരഞ്ഞെടുക്കപ്പെടുന്നവർക്കു പുറമെ അതാത് ബ്ളോക്ക് പ്രദേശത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറുമാരും അംഗങ്ങളാണ്.

ഗ്രാമ പഞ്ചായത്തുകൾ നിലവിൽ വരുന്നതോടെ ഗ്രാമ സഭകളുടെ പ്രവർത്തനവും ആരംഭിക്കുന്നതാണ്. (മുനിസിപ്പാലിറ്റിയിൽ ഇത് വാർഡ് കമ്മിറ്റി എന്നായിരിക്കും അറിയപ്പെടുക.) ഒരു വാർഡിലെ വോട്ടർമാരെല്ലാം ഗ്രാമ സഭയിലെ അംഗങ്ങളായിരിക്കും. വർഷത്തിൽ കുറഞ്ഞത് രണ്ടു തവണയെങ്കിലും ഗ്രാമ സഭ യോഗം ചേരണം.

5 ജില്ലാ പഞ്ചായത്തുകളിലും
51 ബ്ളോക്ക് പഞ്ചായത്തുകളിലും
331 ഗ്രാമ പഞ്ചായത്തുകളിലും
വനിതകൾക്ക് അദ്ധ്യക്ഷ പദവി.

ജില്ലാ പഞ്ചായത്തുകൾ മുതൽ ഗ്രാമ പഞ്ചായത്തുകൾവരെയുള്ള പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ എല്ലാം അധികാരങ്ങൾ സമന്വയിപ്പിക്കുന്നതാണ് നഗര സഭകൾക്കും കോർപ്പറേഷനുകൾക്കും ലഭിക്കുന്ന ചുമതല. പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ തിരിച്ചെടുക്കാൻ പഞ്ചായത്തീരാജ് നിയമത്തിൽ വ്യവസ്ഥയുണ്ട്. അതേ സമയം മുനിസിപ്പാലിറ്റി ബില്ലിൽ ഈ വ്യവസ്ഥയില്ല. അതുകൊണ്ടു തന്നെ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും നല്കിയിട്ടുള്ള അധികാരം കഴിഞ്ഞ തവണത്തെ ജില്ലാ കൗൺസിൽപോലെ തിരിച്ചെടുക്കാൻ കഴിയില്ല.

ഇതോടെ പഞ്ചായത്തീരാജ് നഗരപാലികാ സമ്പ്രദായം പൂർത്തിയാകുന്നു. അധികാരം എത്രത്തോളം ജനങ്ങളിലേക്ക് വരും എന്നത് കണ്ടറിയേണ്ട കാര്യമാണ്. പക്ഷേ പൂർണ്ണ വിജയം കണ്ടെത്തിയില്ലെങ്കിലും ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമ സ്വരാജിലേക്കുള്ള ചവിട്ടുപടിയെന്ന നിലയിൽ ഇത് ശുഭകരമായ ചുവടുവെപ്പു തന്നെ.

(കടപ്പാട്: മാതൃഭൂമി)

## സൗഹൃദം

റോബി

രണ്ടുപേരും ഉറ്റ സ്നേഹിതരായാണ് വളർന്നു വന്നത്. വെറും പേരിനോ കാര്യസാധ്യത്തിനോ ഉള്ള സ്നേഹബന്ധമായിരുന്നില്ല അവരുടേത്. സുഹൃത്തിനുവേണ്ടി എന്തും ത്യജിക്കാൻ രണ്ടുപേരും എപ്പോഴും തയ്യാറായിരുന്നു. അങ്ങനെ ചെയ്യുകയും ചെയ്തിരുന്നു.

ജീവിതത്തിന്റെ ഒഴുക്കിൽ രണ്ടുപേരും രണ്ടു സാഹചര്യങ്ങളിലായി - അതിന്റെ സമ്മർദത്തിൽപ്പെട്ട് എതിർ ചേരികളിലും. എങ്കിലും സൗഹൃദം പഴയതുപോലെ നിലനിന്നിരുന്നു.

അങ്ങനെയിരിക്കെ എന്തോ പ്രശ്നമുണ്ടായി. രണ്ടിൽ ഒരാൾക്ക് ഗുണവും മറ്റേ ആൾക്ക് ദോഷവും സംഭവിക്കുന്നതായിരുന്നു അത്. രണ്ടുപേർക്ക് ഒരേ സമയം ഗുണമോ ദോഷമോ സംഭവിക്കുന്നത് അസാദ്ധ്യമാണ്. എന്നാൽ ഒരാൾ വിചാരിച്ചാൽ സുഹൃത്തിന് ഗുണം സംഭവിപ്പിക്കാൻ സാധിക്കും. പക്ഷെ, അവരുടെ സൗഹൃദം മൂലം സുഹൃത്തിന് ദോഷം സംഭവിപ്പിച്ച് സ്വയം ഗുണം വരുത്തുന്നത് അവർക്ക് സഹിക്കാവുന്നതല്ല. രണ്ടുപേർക്കും സുഹൃത്തിനെ സഹായിക്കണം.

കുഴഞ്ഞില്ലേ കാര്യം?

ആര് ആരെ സഹായിക്കും?

അവരുടെ സൗഹൃദത്തിന് മാറ്റമില്ലാതെ തുടരുവാൻ കഴിയുമോ?

എന്തു സംഭവിക്കും?

അതോ കഥയിലെന്തോ പാകപ്പിഴയുണ്ടോ?

## ഏറ്റവും ചെറിയ യുദ്ധ വിമാനം

ബാംഗ്ളൂരിലെ ഹിന്ദുസ്ഥാൻ എറോനോട്ടിക്സ് ലിമിറ്റഡിൽ നിർമ്മിച്ച ലോകത്തിലെ ഏറ്റവും ചെറിയ സൂപർസോണിക് വിവിധോദ്ദേശ വിമാനം (Light compact aircraft) പ്രധാനമന്ത്രി ശ്രീ. നരസിംഹ റാവു പുറത്തിറക്കി. ഇന്ത്യൻ വ്യോമയാന ചരിത്രത്തിൽ ഒരു നാഴികക്കല്ലാണിത്.

## കൊച്ചി വിമാനത്താവളം

കൊച്ചി വിമാനത്താവളക്കമ്പനി ഓഹരി മൂലധനം 90 കോടി രൂപയാക്കി ഉയർത്താൻ വീണ്ടും ഓഹരി വിപണിയിൽ പ്രവേശിക്കുന്നു.

ബോയിംഗ് 747-400 ഇനം വിമാനങ്ങളും 21-ാം നൂറ്റാണ്ടിലെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി തയ്യാറാക്കുന്ന അത്യാധുനികമായ പുതു തലമുറ യാത്രാ വിമാനങ്ങളും ഇറങ്ങാനുള്ള സൗകര്യങ്ങൾ നെടുമ്പാശ്ശേരി വിമാനത്താവളത്തിലുണ്ടായിരിക്കും.

1064 ഏക്കർ സ്ഥലമാണ് വിമാനത്താവളത്തിന് ആവശ്യം. 500 ഏക്കർ ഏറ്റെടുത്തു. ഈ വർഷം അവസാനത്തോടെ ബാക്കി സ്ഥലവും ഏറ്റെടുക്കും. രണ്ടു ഘട്ടമായാണ് പദ്ധതി പൂർത്തിയാക്കുക. ആദ്യ ഘട്ടം 1997 ലും രണ്ടാമത്തേത് 2002 ലും തീരും.

3700 മീറ്ററാണ് റൺവേ. പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഇതിന്റെ നിർമ്മാണം 1996 ഡിസംബറിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷ.

288.61 കോടി രൂപയാണ് മൊത്തം പദ്ധതിച്ചെലവ്

## 'പൂസാവാൻ' പാമ്പിൻ വിഷം

'പൂസാവാൻ' പാമ്പിൻ വിഷം അത്യുത്തമമാണെന്ന് കണ്ടുപിടിച്ചിരിക്കുന്നു. ഇതിന്റെ 'വീര്യം' പതിനാറ് മണിക്കൂറോളം നിലനില്ക്കുമത്രെ. വിൽപനക്കാരൻ പാമ്പിനെക്കൊണ്ട് ആവശ്യക്കാരന്റെ നാവിൽ കൊത്തിക്കുമ്പോളുണ്ടാകുന്ന 'കിക്ക്' നൈമിഷികമാണെന്നാണ് അനുഭവസ്ഥർ പറയുന്നത്. ബോംബെ, ഗോവ തുടങ്ങിയ സ്ഥലങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ഈ 'ശീലം' കേരളത്തിലേക്കും ബാധിച്ചിരിക്കുന്നു എന്ന് ഇന്ത്യൻ എക്സ്പ്രസ് പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

# നാട്ടുവിശേഷങ്ങൾ

## വിദേശ നാണയം

ഇപ്പോൾ നിലവിലുള്ള വിദേശ നാണയ നിയമ പ്രകാരം, ഇന്ത്യയിലേക്ക് വരുന്ന യാത്രക്കാർ, പതിനായിരം ഡോളറിൽ കൂടുതൽ വിദേശ നാണയം (ട്രാവലർ ചെക്ക്, കറൻസി തുടങ്ങിയവ) തങ്ങളുടെ കൈവശമുണ്ടെങ്കിൽ ആ വിവരം അതിനായിട്ടുള്ള പ്രത്യേകം ഫോറത്തിൽ രേഖപ്പെടുത്തി കസ്റ്റംസ് അധികൃതരെ അറിയിക്കേണ്ടതാണ്. എന്നാൽ ഈയിടെ ഇറക്കിയ RBI-ടെ പുതിയ നിർദ്ദേശ പ്രകാരം ഇനിമേലിൽ വിദേശ കറൻസി 2500 ഡോളറിൽക്കൂടുതലുണ്ടെങ്കിൽ (കൈവശമുള്ള മൊത്തം വിദേശ നാണയം പതിനായിരത്തിൽ താഴെയാണെങ്കിൽപ്പോലും) ആ വിവരം കസ്റ്റംസ് അധികൃതരോട് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഇരട്ട പൗരത്വം

വിദേശ ഇന്ത്യക്കാർ ആവശ്യപ്പെട്ടുവരുന്ന തരത്തിലുള്ള ഇരട്ട പൗരത്വം നൽകാൻ തൽക്കാലം സാധ്യമല്ലെന്ന് പ്രധാനമന്ത്രി പി. നരസിംഹറാവു ന്യൂയോർക്കിൽവെച്ച് പറഞ്ഞു. അമേരിക്കയിൽ പൗരത്വമുള്ള ഇന്ത്യക്കാർക്ക് അമേരിക്കയിലെ ഗ്രീൻ കാർഡ് എന്നപോലെ ഇന്ത്യയിൽ ഓറഞ്ച് കാർഡ് നൽകാനും തൽക്കാലം ഉദ്ദേശിക്കുന്നില്ല. ഇതിൻെറ വിവിധ വശങ്ങൾ പരിശോധിച്ച മന്ത്രാലയങ്ങൾ ഈ നിഗമനത്തിലാണ് എത്തിച്ചേർന്നതെന്ന് റാവു അറിയിച്ചു.

ഇന്ത്യൻ വിസ ആവശ്യമില്ലാതാക്കുക, ഇന്ത്യയിൽ വരുമ്പോൾ ഇടക്കിടെ പൊലീസ് അന്വേഷണം നടത്താതിരിക്കുക, തങ്ങളുടെ കുട്ടികൾക്കും ഇന്ത്യയിലെ കുട്ടികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ സൗകര്യങ്ങൾ അനുവദിക്കുക, വസ്തു കൈവശം വെക്കുന്നതിൽ തുല്യപരിഗണന നൽകുക എന്നിവയാണ് ഓറഞ്ച് കാർഡ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ.

## നിര്യാതനായി

സുപ്രസിദ്ധ നാടകകൃത്തും നടനുമായിരുന്ന എൻ.എൻ. പിള്ള നിര്യാതനായി. അദ്ദേഹത്തിന് 77 വയസ്സായിരുന്നു.

## വോൾക്സ് വാഗൻ

ജർമനിയിലെ വോൾക്സ് വാഗനും HMT-യും ചേർന്ന് Auto parts ഉണ്ടാക്കുന്നതിനുള്ള കമ്പനി കൊച്ചിയിൽ സ്ഥാപിക്കാനുള്ള സാധ്യത തെളിഞ്ഞുവരുന്നതായി കേന്ദ്ര വ്യവസായ മന്ത്രി ശ്രീ. കെ. കരുണാകരൻ പ്രസ്താവിച്ചിരിക്കുന്നു.

## ഇന്ത്യൻ എയർലൈൻസ്

ഒക്ടോബർ 1-ാം തിയതി മുതൽ ടിക്കറ്റ് നിരക്കുകളിൽ ഇരുപതു ശതമാനത്തിൻെറ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## അവാർഡ്

കേരള അസംബ്ളി സ്പീക്കർ ശ്രീ.തേറമ്പിൽ രാമകൃഷ്ണനെ ഡൽഹിയിലുള്ള International friendship society യുടെ 'വിജയരത്ന അവാർഡി' ന് തിരഞ്ഞെടുത്തിരിക്കുന്നു. സാമൂഹ്യ സാംസ്കാരിക രംഗത്തുള്ള പ്രശസ്ത സേവനത്തിനാണ് ഈ അവാർഡ്.

## അദ്ധ്യാപക നിയമനം

സ്വകാര്യ സ്കൂളുകളിലെ നിയമനത്തിന് അപേക്ഷിക്കുമ്പോൾ 'പാരിതോഷികം' എത്രയെന്ന് എഴുതി മുദ്ര വെച്ച കവർ മാനേജ്മെൻറിന് കൊടുക്കുകയാണ് ചെയ്യുന്നത്. കൂടുതൽ തുക എഴുതിയ അപേക്ഷകന് നിയമന ഉത്തരവ് കിട്ടും. ഈയിടെ ഒരു സഹകരണ മാനേജ്മെൻറിൻെറ സ്കൂളുകളിൽ മൂന്ന് ഹിന്ദി അദ്ധ്യാപകരെ നിയമിക്കാൻ മൂന്നേകാൽ ലക്ഷത്തിലധികം രൂപ 'പാരിതോഷികം' എഴുതിയിയ മൂന്നുപേർക്കാണത്രെ നിയമനം കിട്ടിയത്.

Edited & Published by:

Sankaranarayanan,
202 Nishi Tsunashima Green Heights,
6-9-1 Tsunashima Nishi,
Yokohama - 223, Japan

Tel: 045 546 9893 Fax: 045 313 2479
E-Mail: sanx@csfb.co.jp